# Athmaraksha.org

വ്യക്തിപരമായ പ്രാർത്ഥനകൾ

## കർത്താവിന്റെ സംരക്ഷണം-Protection




### കർത്താവിന്റെ സംരക്ഷണം - പ്രാർത്ഥന

(സങ്കീർത്തനങ്ങൾ 91: 1-16)

1. അത്യുന്നതന്റെ സംരക്ഷണത്തിൽ വസിക്കുന്നവനും, സർവ്വശക്തന്റെ തണലിൽ കഴിയുന്നവനും 2.
കർത്താവിനോട് എന്റെ സങ്കേതവും എന്റെ കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു
പറയും. 3 അവിടുന്നു നിന്നെ വേടന്റെ കെണിയിൽ നിന്നും മാരകമായ മഹാമാരിയിൽ നിന്നും
രക്ഷിക്കും. 4 തന്റെ തൂവലുകൾകൊണ്ട് അവിടുന്നു നിന്നെ മറച്ചുകൊള്ളും; അവിടുത്തെ ചിറകുകളുടെ
കീഴിൽ നിനക്ക് അഭയം ലഭിക്കും; അവിടുത്തെ വിശ്വസ്തത നിനക്കു കവചവും പരിചയും ആയിരിക്കും. 5
രാത്രിയിലെ ഭീകരതയെയും പകൽ പറക്കുന്ന അസ്ത്രത്തെയും നീ ഭയപ്പെടേണ്ട. 6 ഇരുട്ടിൽ സഞ്ചരിക്കുന്ന
മഹാമാരിയെയും നട്ടുച്ചയ്ക്കു വരുന്ന വിനാശത്തെയും നീ പേടിക്കേണ്ടാ. 7 നിന്റെ പാർശ്വങ്ങളിൽ
ആയിരങ്ങൾ മരിച്ചു വീണേക്കാം; നിന്റെ വലത്തു വശത്തു പതിനായിരങ്ങളും; എങ്കിലും, നിനക്ക്
ഒരനർഥവും സംഭവിക്കുകയില്ല. 8 ദുഷ്ടരുടെ പ്രതിഫലം നിന്റെ കണ്ണുകൾകൊണ്ടുതന്നെ നീ കാണും. 9 നീ
കർത്താവിൽ ആശ്രയിച്ചു; അത്യുന്നതനിൽ നീ വാസമുറപ്പിച്ചു. 10 നിനക്ക് ഒരു തിന്മയും ഭവിക്കുകയില്ല;
ഒരനർത്ഥവും നിന്റെ കൂടാരത്തെ സമീപിക്കുകയില്ല. 11 നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ
നിന്നെ കൈകളിൽ വഹിച്ചുകൊള്ളും. 13 സിംഹത്തിന്റെയും അണലിയുടെയും മേൽ നീ ചവിട്ടിനടക്കും;
യുവസിംഹത്തെയും സർപ്പത്തെയും നീ ചവിട്ടിമെതിക്കും. 14 അവൻ സ്നേഹത്തിൽ എന്നോട്
ഒട്ടിനിൽക്കുന്നതിനാൽ ഞാൻ അവനെ രക്ഷിക്കും; അവൻ എന്റെ നാമം അറിയുന്നതുകൊണ്ട് ഞാൻ
അവനെ സംരക്ഷിക്കും. 15 അവൻ എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ ഞാൻ ഉത്തരമരുളും; അവന്റെ
കഷ്ടതയിൽ ഞാൻ അവനോടു ചേർന്നുനില്ക്കും; ഞാൻ അവനെ മോചിപ്പിക്കുകയും
മഹത്വപ്പെടുത്തുകയും ചെയ്യും. 16 ദീർഘായുസ്സു നൽകി ഞാൻ അവനെ സംതൃപ്തനാക്കും; എന്റെ രക്ഷ
ഞാൻ അവനു കാണിച്ചുകൊടുക്കും.

+++